വാടക നിയന്ത്രണ നിയമം നടപ്പാക്കിയ പഞ്ചായത്തുകൾ

1142 [2075] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ വാടക നിയന്ത്രണ നിയമം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) എത്ര പഞ്ചായത്തുകളിൽ ഇനി നടപ്പിലാക്കുവാനുണ്ട്;

(സി) സംസ്ഥാനമൊട്ടുക്കുമുള്ള പഞ്ചായത്തുകളിൽ വാടക നിയന്ത്രണ നിയമം ഈ വർഷംതന്നെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 161 പഞ്ചായത്തുകളിൽ.

(ബി) 840 പഞ്ചായത്തുകളിൽ.

(സി) വാടക നിയന്ത്രണ നിയമം ഏർപ്പെടുത്തണമെന്ന് അതാതു പഞ്ചായത്തുകൾ തീരുമാനമെടുത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക്, പഞ്ചായത്തിലെ നിലവിലുള്ള വാടക നിരക്ക്, വാടകക്കെട്ടിടങ്ങളുടെ ലഭ്യതാ, പഞ്ചായത്തിന്റെ നാഗരിക സ്വഭാവം, വന്നുപോയിക്കൊണ്ടിരിക്കുന്ന ജനസംഖ്യ മുതലായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഓരോ പഞ്ചായത്തിന്റെ കാര്യത്തിലും പ്രത്യേകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ടൗൺ പഞ്ചായത്തുകൾ

1143 [2076] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പാലിറ്റിക്ക് താഴെയുള്ള പഞ്ചായത്തുകളെ ടൗൺ പഞ്ചായത്തുകളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

അഗളി പഞ്ചായത്ത്

1144 [2078] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി പഞ്ചായത്തിന്റെ വിസ്തീർണ്ണമെത്രയാണ്;

(ബി) ഇവിടെ എത്ര ബിൽ കളക്ടർമാരുടെ തസ്തികകൾ ഉണ്ട്;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പഞ്ചായത്തിന് 15–6–1986 വരെ എത്ര രൂപ വിവിധ ഇനങ്ങളിലായി പിരിഞ്ഞ് കിട്ടാനുണ്ട്; ഇതിന്റെ ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 262.42 ച. കി. മീ.
(ബി) 4 (നാല്)
(സി) തസ്തികകളും ഒന്നും ഇപ്പോൾ ഒഴിഞ്ഞ് കിടപ്പില്ല.
(ഡി) 89,376 രൂപ 50 പൈസ.

കെട്ടിട നികുതി	43,763.87 രൂപ.
ലൈബ്രറി സെസ്	1,571.73 രൂപ.
പ്രൊഫഷൻ ടാക്സ്	22,826.00 രൂപ.
വാട്ടർ ചാർജ്	4,272.75 രൂപ.
മാർക്കറ്റ് ഫീസ്	10,879.00 രൂപ.
റൻറ് ഓൺലാൻറ്	6,065.15 രൂപ.

വലപ്പാട് നാട്ടിക പഞ്ചായത്തുകളുടെ ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടിയുള്ള അപേക്ഷകൾ

1145 [2081] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കിൽപ്പെട്ട വലപ്പാട്, നാട്ടിക എന്നീ പഞ്ചായത്തുകളിൽ നിന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അപേക്ഷകൾ റൂറൽ ഡവലപ്പ്മെൻറ് ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ലക്ഷംരൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്;

(ഡി) ഈ രണ്ട് പഞ്ചായത്തുകളുടെ അപേക്ഷകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വലപ്പാട് പഞ്ചായത്തിൽ നിന്നും 30-4-1982-ലും നാട്ടിക പഞ്ചായത്തിൽ നിന്നും 27-4-1984-ലും അപേക്ഷകൾ ലഭിച്ചു.

(സി) വലപ്പാട് പഞ്ചായത്തിൽ ഷോപ്പിംഗ് സെൻററും ആഫീസ് ഹാളും നിർമ്മിക്കുന്നതിന് 13,88,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. നാട്ടിക പഞ്ചായത്തിൽ ബസ്സ്റ്റാൻറ്-കം-ഷോപ്പിംഗ് സെൻറർ പദ്ധതിയ്ക്ക് ഉദ്ദേശം പത്തുലക്ഷം രൂപയാണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്.

(ഡി) വലപ്പാട് പഞ്ചായത്തിൽ ഷോപ്പിംഗ് സെൻററും ആഫീസ് ഹാളും നിർമ്മിക്കുന്നതിലേക്ക് 13,88,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് 29-8-1984-ൽ കൂടിയ 77-ാമത് ബോർഡ് മീറ്റിംഗ് തീരുമാനിച്ചു. ഇതിൻപ്രകാരം എഗ്രിമെൻറ് വയ്ക്കുന്നതിനുവേണ്ടി 27-9-1984-ൽ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ എഗ്രിമെൻറ് വയ്ക്കാൻ ടി പഞ്ചായത്ത് തയ്യാറായിട്ടില്ല. നാട്ടിക പഞ്ചായത്തിൽ ഉദ്ദേശം 10 ലക്ഷം രൂപയ്ക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly